സഹചാരി റിലീഫ് സെൽ

**കരുണയുടെ നോട്ടം**
**കനിവിന്റെ സന്ദേശം**

# ആതുര സേവനത്തിന്, ഫണ്ട് ശേഖരണം 2015 ജൂൺ 19 വെള്ളിയാഴ്ച

മഹാരോഗങ്ങൾ പനിപോലെ പടരുന്ന വിധം ഭീതിദമാണ് മലയാളിയുടെ ജീവിതപരിസരം. അർബുദവും കിഡ്നിപോലുള്ള ആന്തരാവയങ്ങൾക്ക് ഉണ്ടാവുന്ന ഗുരുതരമായ രോഗങ്ങൾ നിമിത്തം മരിച്ച് ജീവിക്കുന്ന രോഗികളുടെ എണ്ണം വർധിച്ചുവരികയാണ്. ജീവിത ശൈലി രോഗങ്ങൾ എന്ന് നാം ഓമനപേരിട്ട് വിളിക്കുന്ന ഇത്തരം മാറാവ്യാധികൾ ദുരിതം വിതക്കുന്നത് പലപ്പോഴും സമൂഹത്തിലെ കഷ്ഠതകൾ അനുഭവിക്കുന്ന സാധാരണക്കാർക്കിടയിലാണ്. ജീവിതച്ചെലവുകൾക്കിടയിൽ ശ്വാസംമുട്ടിപ്പിടയുന്ന ഈ സാധുക്കൾക്ക് മേൽ അശനിപാതം പോലെ മഹാവ്യാധികൾ കടന്നുവരുമ്പോൾ, നട്ടെല്ലൊടിയുന്നത് ആ കുടുംബത്തിന്റെ സമാധാനത്തിന്റെയാണ്. ഇത്തരം ദുരിത ജീവിതങ്ങൾക്ക് സമാശ്വാസം നൽകാനും സാന്ത്വനമേകാനുമാണ് കഴിഞ്ഞ ഒമ്പത് വർഷങ്ങളായി എസ്.കെ.എസ്.എസ്.എഫിന്റെ സംസ്ഥാന സമിതിയുടെ കീഴിൽ 'സഹചാരി' റിലീഫ് സെൽ പ്രവർത്തിക്കുന്നത്. പരകോടിയോളം രൂപ ഇത്തരം രോഗികളെ സഹായിക്കുന്നതിനായി ഈ വർഷങ്ങൾക്കിടയിൽ നാം വിതരണം ചെയ്തുകഴിഞ്ഞു. ഹ്രസ്വകാലംകൊണ്ട് മലയാളിയുടെ മനസ്സിൽ ഇടംനേടാൻ കഴിഞ്ഞ സഹചാരിയുടെ പ്രവർത്തനങ്ങൾക്ക് സഹായകമായത് നാട്ടിലും വിദേശത്തുമുള്ള സഹൃദയരുടെ നിസ്സീമമായ സഹകരണമാണ്.

ഞാൻ രോഗിയായിക്കിടന്നിട്ട് നീ എന്തുകൊണ്ട് എന്നെ സന്ദർശിച്ചില്ല എന്ന് അല്ലാഹു അടിമയോട് ചോദിക്കുമെന്ന് പ്രവാചകൻ (സ) പറയുന്നു. അല്ലാഹുവേ നീ എന്റെ രക്ഷിതാവായിരിക്കേ, നീ യെങ്ങനെയാണ് രോഗിയായി, ഞാൻ സന്ദർശകനാവേണ്ടത് എന്ന് അടിമ തിരിച്ചു ചോദിക്കും. നിന്റെ ജീവിത പരിസരത്തുള്ള രോഗിയെ സന്ദർശിച്ചിരുന്നുവെങ്കിൽ അത് എന്നെ സന്ദർശിക്കുന്നത്പോലെയാകുമായിരുന്നുവെന്ന് അല്ലാഹു മറുപടിനൽകുമെന്ന് പ്രവാചകൻ (സ) പഠിപ്പിക്കുന്നു. രോഗിക്ക് നൽകുന്ന അൽപസാന്ത്വനം, അവന്റെ പരിചരണത്തിനാവശ്യമായ സഹായം അല്ലാഹു എത്രവിലമതിക്കുന്നുവെന്നാണ് ഈ തിരുവചനം നമ്മെ പഠിപ്പിച്ചുതരുന്നത്. ഭൂമിയിലുള്ളവരോട് ചെയ്യുന്ന കാരുണ്യം വഴി മാത്രമാണ് ആകാശത്ത് നിന്നുള്ള കാരുണ്യ വർഷം ഉണ്ടാവൂവെന്ന ബോധ്യമാണ് നമ്മെ നയിക്കേണ്ടത്.

വിശുദ്ധ റമദാനിൽ കാരുണ്യപ്രവർത്തനങ്ങൾ വലിയ പ്രതിഫലം ലഭ്യമാകുന്നതാണ്. സഹജീവിയുടെ കണ്ണീരൊപ്പാൻ കനിവുള്ള മനസ്സുണ്ടാവുകയെന്നതാണ് റമദാനിലെ വ്രതാനുഷ്ഠാനത്തിന്റെ സുപ്രധാനകാര്യം. അതുകൊണ്ട് നമ്മുടെ ചുറ്റുവട്ടത്ത്, അർബുദംകാർന്ന് തിന്നുന്ന ശരീരങ്ങളുടെ വേദനക്കും, നൊന്തുപൊള്ളുന്ന വൃക്കരോഗങ്ങളുടെ അവശതയിലുള്ള സഹോദരങ്ങൾക്കും ഒരൽപം ആശ്വാസം നൽകാനുള്ള സംരംഭമാണ് സഹചാരി. നിരാക്ഷേപം അർഹരുടെ കൈകളിലെത്താൻ ആവശ്യമായ സംവിധാനങ്ങൾ സംഘടന ഇതുവരെ ശ്രദ്ധയോടെ നടത്തിയിട്ടുണ്ട്. നിങ്ങളുടെ ഓരോ ചെറുതും വലുതുമായ തുകകൾ സമാഹരിച്ചു അപകടത്തിൽ മാരക മുറിവുപറ്റിയവർക്കും, മഹാരോഗത്തിന്റെ കടുത്ത വേദനയിൽ പിടയുന്നവർക്കും സഹായമെത്തിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

| | | |
|---|---|---|
| **സാമ്പത്തിക സഹായം** | **ഡയാലിസിസ്** | **മരുന്ന് വിതരണം** |
| 63,69,500.00 | 4,97,400.00 | 34,18,810.00 |
| **ഗൾഫ് റിലീഫ്** | **കാൻസർ** | |
| 40,24,500.00 | 10,89,500.00 | |

അൽഹംദുലില്ലാഹ് എസ്.കെ.എസ്.എസ്.എഫിന്റെ സിൽവർ ജൂബിലി മഹാ സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെട്ട വിഖായ സന്നദ്ധ സേവകരുടെ സേവനഫലമായി സംസ്ഥാനത്തെ വിവിധ ആശുപത്രികൾ കേന്ദ്രമാക്കി സ്തുത്യർഹമായ സേവന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. റോഡപകടങ്ങളിൽ പരിക്ക് പറ്റിയവരെ ആശുപത്രികളിലെത്തിക്കാൻ, ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തി. മലയാളി ജീവിതത്തിന്റെ മറക്കാത്ത നൻമയായി മാറുകയാണ് സഹചാരിയുടെ പ്രവർത്തനങ്ങൾ. കണ്ണൂർ ജില്ലയിലെ ഡയാലിസിസ് സെന്റർ ഉൾപ്പെടെയുള്ള വിവിധോദ്ദേശ പദ്ധതികൾ വിജയകരമായി നടന്നുവരുന്നു. രോഗീപരിചരണ രംഗത്തും ഇനിയും ഒരുപാട് സ്വപ്ന പദ്ധതികൾ നമുക്കുണ്ട്. വിജയത്തിനാവശ്യം നിങ്ങളുടെ ഉദാരമായ സഹായമാണ്. ഒരു സഹോദരന്റെ കണ്ണീരൊപ്പാൻ കഴിഞ്ഞാൽതന്നെ അല്ലാഹുവിന്റെ അപാരമായ സഹായം ലഭ്യമാകുമെന്ന് പുണ്യനബി (സ) പഠിപ്പിക്കുന്നു. ആയിരക്കണക്കിന് മാറാരോഗികൾക്ക് ആശ്വാസമാകുന്ന ഈ മഹനീയ സംരംഭം വിജയിപ്പിക്കേണ്ടത് ഓരോ സത്യവിശ്വാസിയുടെയും ബാധ്യതയായി കാണണം. റമദാനിലെ ആദ്യത്തെ വെള്ളിയാഴ്ച എല്ലാ മഹല്ലിലും മറ്റെല്ലാം മാറ്റിവച്ച് ഈ സംരംഭത്തിന് ഉദാരമായ സംഭാവനകൾ ശേഖരിക്കാൻ വേണ്ടതു ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സഹചാരിയുടെ സേവനസ്വപ്നങ്ങൾ സാക്ഷാൽകരിക്കാൻ നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവുമാണ് ഞങ്ങൾക്കാവശ്യം. സഹചാരിയുടെ പ്രവർത്തനങ്ങൾ വിജയകരമായി നടന്നത് മനുഷ്യസ്നേഹമുള്ള താങ്കളെപ്പോലുള്ളവരുടെ സഹകരണം കൊണ്ടാണെന്നകാര്യം കൃതജ്ഞതയോടെ ഞങ്ങൾ ഓർക്കുന്നു. ആയതിനാൽ ഈ വരുന്ന ജൂൺ 19ന് (റമളാനിലെ ആദ്യ വെള്ളി) നടത്തുന്ന സഹചാരി ഫണ്ട് ശേഖരണം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാഹു നമ്മുടെ എല്ലാ സൽകർമങ്ങളും കാരുണ്യപ്രവർത്തനങ്ങളും അർഹമാം വിധം സ്വീകരിക്കട്ടെ - ആമീൻ

എന്ന്

**പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ** (ചെയർമാൻ)
**ഓണംപിള്ളി മുഹമ്മദ് ഫൈസി** (ജന. കൺവീനർ)

---

**സഹചാരി** റിലീഫ് സെൽ
A/c No: 67045362268, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ,
IFC Code: SBTR0000301
പാളയം ബ്രാഞ്ച്, കോഴിക്കോട്

---

**SKSSF** സംസ്ഥാന കമ്മിറ്റി, ഇസ്ലാമിക് സെന്റർ,
റെയിൽവെ ലിങ്ക് റോഡ്, കോഴിക്കോട് - 2,
ഫോൺ: 0495 2700177, Email: skssfstate@gmail.com